भारतीय गैर न्यायिक

पचास रुपये रु.50 | भारत | INDIA | सत्यमेव जयते | FIFTY RUPEES Rs.50

INDIA NON JUDICIAL

കേരളം केरल KERALA

CG 259686

26.02.2024. രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട് ഫെബ്രുവരി മാസം ഇരുപത്തി ആറാം തിയ്യതി. പാലക്കാട് ജില്ല പാലക്കാട് താലൂക്ക് കൊടുന്തരപ്പുള്ളി ഐശ്വര്യഎന്നവീട്ടിൽ താമസം കെ.കെ. രാമചന്ദ്രൻ മകൻ 1.കെ.ആർ. ശിവപ്രസാദ്, കർണ്ണാടക സ്റ്റേറ്റ് ബാഗ്ലൂർ മാദിക്കര വൃന്ദാവൻ കോളനി SBIകോളനി 8th മെയിനിൽ താമസംവാസുദേവൻ മകൻ 2.ബാബുരാജ് എന്നിവർ ഒന്നാം പാർട്ടിയായും. പാലക്കാട് ജില്ല ചിറ്റൂർ താലൂക്ക് കോഴിപ്പതി വില്ലേജ് വണ്ണാമട പി.ഒ വണ്ണാമട ഭദ്രകാളിയ മ്മൻ കോവിൽ സ്ട്രീറ്റിൽ താമസം ശ്രീധരൻ ഭാര്യ ശ്രീജ. കെ.ജി എന്നവർ രണ്ടാം പാർട്ടി യായും കൂടി എഴുതിപ്പിടിച്ച വാടക കരാർ.

ഒന്നാംപാർട്ടി

[signature]

രണ്ടാംപാർട്ടി

Sreeja K G

No: 28879/26/2/2024. RS:50/-
ശ്രീജ, വണ്ണാമട

[signature]

P KOCHUGOVINDAN S.R.O.VENDOR
KOZHINJAMPARA

SUB TREASURY
26 FEB 2024
CHITTUR, PALAKKAD

भारतीय गैर न्यायिक

पचास रुपये रु.50

भारत

सत्यमेव जयते

INDIA

FIFTY RUPEES Rs.50

INDIA NON JUDICIAL

കേരളം केरल KERALA

CG 259687

( 2 )

നമ്മളിൽ ഒന്നാം പാർട്ടിക്ക് അവകാശപ്പെട്ടതും നമ്മളിൽ ഒന്നാംപാർട്ടി കൈവശംവെച്ചും സർക്കാർകരം, പഞ്ചായത്ത്കരം, ഇലക്ട്രിക്ചാർജ്ജ്, മുതലായത് അടച്ചും ക്രയവിക്രയ സ്വാതന്ത്ര്യസഹിതം അനുഭവിച്ച് വരുന്നതും എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ നിന്നും 9/40 - നമ്പറായി ജമ പതിഞ്ഞ കെട്ടിടമുറിയെ രണ്ടാംപാർട്ടിക്ക് ഫോട്ടോസ്റ്റാറ്റ്കട നടത്തി വരുന്ന ആവശ്യത്തിലേക്കായി ഇന്നു മുതൽ പതിനൊന്ന് മാസകാലത്തേക്ക് വാടകയ്ക്ക് ഒന്നാം പാർട്ടിയോട് രണ്ടാംപാർട്ടി ആവശ്യപ്പെടുകയും അതുപ്രകാരം ഒന്നാംപാർട്ടി തരാമെന്ന്പറഞ്ഞ് മേൽപ്പറഞ്ഞ കെട്ടിടത്തെ കറന്റ്ചാർജ്ജ്കൂടാതെ

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

Sreeja.k.k.

No: 28880/26/2/2024. RS: 50/-

ശ്രീജ, വണ്ണാമട

P KOCHUGOVINDAN S.R.O.VENDOR
KOZHINJAMPARA

26 FEB 2024

CHITTUR, PALAKKAD

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CG 259688



പ്രതിമാസ വാടകയായി 3700/-ക (മുവ്വായിരത്തി എഴുന്നൂറ് ഉറുപ്പിക) വാടക നിശ്ചയിച്ച് മേൽപ്പറഞ്ഞ കെട്ടിടത്തെ ഒന്നാം പാർട്ടി ഒഴിഞ്ഞ് ഇന്നേദി വസം രണ്ടാം പാർട്ടിക്ക് വാടകക്ക് കൊടുത്തിരിക്കുന്നു. ഇന്നുമുതൽ പതിനൊന്ന് മാസകാ ലത്തേക്ക് മേൽപറഞ്ഞ കെട്ടിടത്തെ രണ്ടാംപാർട്ടി വാടകക്ക് ഏറ്റെടുത്ത് കൈവശം വെച്ചിരിക്കുന്നു.മേൽപറഞ്ഞ വാടകയുടെ ഉറപ്പിലേക്കായി നമ്മളിൽ രണ്ടാം പാർ ട്ടി ഒന്നാം പാർട്ടിക്ക് ഇന്നേ ദിവസം അഡ്വാൻസായി 20,000/-ക (ഇരു പതിനായി രം ഉറുപ്പിക) റൊക്കം കൊടുക്കുകയും ഒന്നാംപാർട്ടിക്ക് ഇന്ന് റൊക്കം കിട്ടി ബോ ദ്ധ്യം വരികയും ചെയ്തിരിക്കുന്നു.

<u>ഒന്നാംപാർട്ടി</u> | <u>രണ്ടാംപാർട്ടി</u>

Sreeja K.G.

24881/26/2/2024. Rs: 50/-

P KOCHUGOVINDAN S.R.O.VENDOR
KOZHINJAMPARA.

SUB TREAS
20 FEB 2024
CHITTUR, PALAK

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CG 259689

(4)

ഇന്നുമുതൽ മേൽപറഞ്ഞ കെട്ടിടമുറിയിൽ രണ്ടാം പാർട്ടി ഫോട്ടോസ്റ്റാറ്റ് കട നടത്തിയും പെരുമാറിയും അനുഭവിച്ച് വരുന്നതല്ലാതെ മേൽപ്പറഞ്ഞ കെട്ടിടത്തെ അന്യാധീനപ്പെടുത്തുവാനോ,നാശമോശപ്പെടുത്തുവാനോ,പണയപ്പെടുത്തുവാനോ, കീഴ്വാടകക്ക് ഏൽപ്പിക്കുവാനോ, നിയമവിരുദ്ധമായസാധനങ്ങൾ വെച്ച്സൂക്ഷിക്കുവാനോ, വിൽപ്പനചെയ്യുവാനോ രണ്ടാം പാർട്ടിക്ക് അവകാശമില്ലാത്തതുമാണെന്നും നിശ്ചയിച്ച്സമ്മതിച്ചിരിക്കുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

S Shaija K G

No: 28862/26/2/2024. Rs:50/

ഷൈജ, വണ്ണാമട

SUB TREASURY

20 FEB 2024

CHITTUR, PALAKKAD

P KOCHUGOVINDAN S.R.O.VENDOR
KOZHINJAMPARA

മേൽപറഞ്ഞ കെട്ടിടമുറിയിൽ രണ്ടാം പാർട്ടി ഉപയോഗിക്കുന്ന എലക്ട്രിക് ലൈറ്റുകൾക്കും മറ്റും വരാവുന്ന കറന്റ്ചർജ്ജ് അതാതു ഗഡുവുകളിൽ വരുന്ന ബിൽ സംഖ്യയിൽ രണ്ടാംപാർട്ടി വീഴ്ച്ചവരുത്താതെ അടച്ച് തീർത്ത് ബില്ലും രശീതിയും ഒന്നാം പാർട്ടിയുടെ പക്കൽ കൊടുക്കുവാനും നിശ്ചയിച്ച് സമ്മതിച്ചി രിക്കുന്നു. മേൽപ്പറഞ്ഞകെട്ടിടത്തെ രണ്ടാംപാർട്ടിവൃത്തിയായിസൂക്ഷിക്കേണ്ട തുമാണെന്നും നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ വാടകയെ എല്ലാ കലണ്ടർ മാസവും ഒന്നാം തിയ്യതി മുതൽ അഞ്ചാം തിയ്യതിക്കുള്ളിൽ രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് റൊക്കം കൊടുത്ത്ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും, നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു.മേൽപ്പറഞ്ഞ കാലാവതി വിചാരിയാതെ വാടകബാക്കിയോ, കറന്റ്ചാർജ്ജ് ബാ ക്കിയോ, വല്ലതും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റി സംഖ്യയിൽ നിന്നും തട്ടികഴിച്ച് ബാക്കി സംഖ്യയെ ഒന്നാം പാർട്ടി രണ്ടാം പാർട്ടിക്ക് റൊക്കം കൊടുത്ത് മേൽപ്പറഞ്ഞ കെട്ടിടത്തിൽ നിന്നും രണ്ടാം പാർട്ടിയെ ഒഴിപ്പിച്ച് കൈവശം വാങ്ങേണ്ടതും യാതൊരു തർക്കവും തടസ്സവും നിയമവാദവും രണ്ടാം പാർട്ടി പറയാതെ ഒഴിഞ്ഞ് കൊടുത്തും വാങ്ങിയും കാര്യങ്ങൾ അവസാനിപ്പി ച്ച് കൊള്ളേണ്ടതുമാണെന്നും നിശ്ചയിച്ച്സമ്മതിച്ചിരിക്കുന്നു. മേൽപറഞ്ഞ കാലാവധിക്കുള്ളിൽ രണ്ടാംപാർട്ടി ഒഴിഞ്ഞ്പോകണമെന്ന് തോന്നുന്ന പക്ഷം രണ്ട്മാസം മുമ്പ് തന്നെ ഒന്നാം പാർട്ടിയെ അറിയിക്കേണ്ടതുമാകുന്നു. ടി കെട്ടിടത്തെ കാലാവധിക്ക് മുമ്പ് ക്രയവിക്രയം ചെയ്യുന്ന പക്ഷം ഒന്നാം പാർട്ടി രണ്ട് മാസം മുമ്പ് തന്നെ രണ്ടാം പാർട്ടിയെഅറിയിക്കേണ്ടതുമാകുന്നു.മേൽപ്പറഞ്ഞ കാലാവധിഅവസാനം ര ണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി കൈപ്പറ്റിയ അഡ്വാൻസ് സംഖ്യയായ 20,000/-ക. (ഇരുപതിനായിരം ഉറുപ്പിക) രണ്ടാം പാർട്ടിക്ക് തിരികെ കൊടുക്കുന്നതോടു കൂടി ഈ കരാർ റദ്ധായിപോകുന്നതുമാകുന്നു.ഈ വാടക കരാർ 200/-കയുടെ മുദ്ര പത്രത്തിൽ മറ്റുമായി അസ്സൽ ടൈപ്പ് ചെയ്ത് ആയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്ത് നാമും സാക്ഷി കളും ഒപ്പിട്ട് അസ്സൽ ഒന്നാം പാർട്ടിയും ഫോട്ടോ കോപ്പി രണ്ടാം പാർട്ടിയും സൂക്ഷിപ്പാൻ നിശ്ചയിച്ച് സമ്മതിച്ചിരിക്കുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

Shaja K.G.

സാക്ഷികൾ

1. THEJAS. K. R.

2. Chandra K
ചന്ദ്രൻ. K.